## 586

1 ജീവവാതിലാകുമേശു നായക! നീ വാഴ്ക!
നായക! നീ വാഴ്ക! പാപവനദാവ!

2 നിന്നിലൂടെ കടക്കുന്നോർ രക്ഷിതർ നിരന്തം
രക്ഷിതർ നിരന്തം-ശിക്ഷയവർക്കില്ല

3 ഭക്ഷണമവർക്കു ഭവാൻ നിശ്ചയമായ് നൽകും
നിശ്ചയമായ് നൽകും -പച്ചമേച്ചിലെന്നും

4 ജീവനറ്റ നിന്നജങ്ങൾക്കായി നീ മരിച്ചു
ജീവനസമൃദ്ധി -നാഥാ! നീ വരുത്തി

5 അല്ലലുള്ളൊരാടുകൾക്കു നല്ലിടയനാം നീ
ഉള്ളലിഞ്ഞു തോളി-ലേന്തു ദുഃഖനാളിൽ

6 നിന്നജങ്ങൾ നിന്നെയറിയുന്നു നിഖിലേശാ!
നിർണ്ണയവരെ -നീയുമറിയുന്നു

7 നിത്യജീവനരുളുന്നു നീയവർക്കു നാഥാ!
ആയവർ നശിപ്പാ-നാവതല്ല തെല്ലും

8 ഇൻപമേറും നിൻ സ്വരത്തെ കേട്ടുകൊണ്ടു ഞങ്ങൾ
പിന്തുടരും നിന്നെ-ചന്തമോടുതന്നെ

9 നിൻ പിതാവു നിന്റെ കൈയിൽ തന്നോരജകൂട്ടം
വൻപെഴുന്ന വൈരി-കൊണ്ടുപോകയില്ല-

K.V.S.